**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1746** **05-07-2022 - ൽ മറുപടിയ്ക്ക്**

**സെറിബ്രൽ പാൾസി, മാനസിക വെല്ലുവിളി എന്നിവ നേരിടുന്നവരുടെ സംവരണപ്പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സെറിബ്രൽ പാൾസി രോഗ ബാധിതരുടെയും മാനസിക വെല്ലുവിളി നേരിടുന്നവരുടെയും സംവരണപ്പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 25.08.2020-ലെ സ.ഉ.(അച്ചടി) നം. 19/2020/ സാ.നീ.വ. ഉത്തരവ് പ്രകാരം Rights of Persons with Disabilities Act 2016 -ലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ സർവീസിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് 49 കോമൺ കാറ്റഗറി തസ്തികകൾ സെറിബ്രൽ പാൾസി രോഗബാധിതർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നീ വിഭാഗങ്ങൾക്കായി നിലവിൽ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സെറിബ്രൽ പാൾസി രോഗികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നീ വിഭാഗങ്ങളിൽ നിന്നും സംവരണ നിയമനം നടക്കുന്നില്ല എന്ന ആക്ഷേപം സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | 1995-ലെ ഭിന്നശേഷി നിയമ പ്രകാരം നിയമനങ്ങളിൽ 3% സംവരണം അനുവദിച്ചിട്ടുള്ളതിൽ 1% അനുവദിച്ചിട്ടുള്ളത് ലോക്കോമോട്ടോർ ഡിസബിലിറ്റി/ സെറിബ്രൽ പാൾസി വിഭാഗത്തിനാണ്. RPWD Act 2016 പ്രകാരവും പ്രസ്തുത സംവരണം ലഭിക്കുന്നുണ്ട്. മാനസിക വെല്ലുവിളി നേരിടുന്നവരെ RPWD Act 2016 പ്രകാരം അനുവദിച്ച 4% സംവരണത്തിൽ, 1% സംവരണത്തിന് അർഹതയുള്ള ഭിന്നശേഷി വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 31.10.2019-ൽ സ.ഉ.(അച്ചടി) നം. 12/2019/സാ.നീ.വ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു എങ്കിലും ഭിന്നശേഷി സംവരണ റോസ്റ്റർ സംബന്ധിച്ച് വ്യക്തത ആവശ്യമുള്ളതിനാൽ ഈ വിഷയത്തിൽ പുതുക്കിയ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ നിയമനത്തിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (സി) | RPWD Act 2016 പ്രകാരം 49 കോമൺ കാറ്റഗറി തസ്തികകൾ പ്രസ്തുത വിഭാഗങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ